**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3363** **11-03-2025 - ൽ മറുപടിയ്ക്ക്**

**നഫീസ സുബൈറിന്റെ കൈവശ ഭൂമിക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ അഴീക്കൽ തെക്കൻമാലിപ്പുറം ദേശം പിലാക്കൽ വീട്ടിൽ നഫീസ സുബൈറിന് ഭർതൃപിതാവിൽ നിന്നും ലഭിച്ച കൈവശ ഭൂമിക്ക് പട്ടയം ലഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | വൈപ്പിൻ മണ്ഡലത്തിലെ അഴീക്കൽ തെക്കൻമാലിപ്പുറം ദേശം പിലാക്കൽ വീട്ടിൽ നഫീസ സുബൈർ പതിവിനായി ആവശ്യപ്പെട്ടിട്ടുള്ള കൊച്ചി താലൂക്ക്, പുതുവൈപ്പ് വില്ലേജിൽ, ബ്ലോക്ക് നം. 10, റീസർവ്വേ നമ്പർ.69/6 (Old സർവ്വേ.1057/5) ൽ പ്പെട്ട ഭൂമി റവന്യൂ രേഖകൾ പ്രകാരം സർക്കാർ ഭൂമിയല്ല. പഴയ സർവ്വേ നമ്പർ പ്രകാരം റവന്യൂ രേഖകളിൽ, 'പദക്കൻ കുഞ്ഞപ്പൻ ജോസഫ് എന്ന സ്വകാര്യതണ്ടപേരിൽ ജമ പതിഞ്ഞിട്ടുള്ളതാണ്. പ്രസ്തുത റീസർവ്വേ നമ്പർ 69/6-ൽ ബി.ടി.ആർ പ്രകാരം 3.30 ആർ വിസ്തീർണ്ണം ഭൂമിയാണുള്ളത്. ടി സർവ്വേ നമ്പറിൽപ്പെട്ട 02.22 ഭൂമിക്ക് ശ്രീ.മുഹമ്മദലി, പിലാക്കൽ വീട് പേരിൽ തണ്ടപ്പേർ നമ്പർ 1641 പ്രകാരം, ശ്രീ.മുഹമ്മദലിയുടെ കാലശേഷം അവകാശികളായ ശ്രീമതി.നഫീസാ മുതൽ പേർ കരം ഒടുക്കി വരുന്നതാണ്. ശ്രീ.മുഹമ്മദലിയുടെ അഞ്ച് മക്കളിൽ മരണപ്പെട്ട സുബൈറിന്റെ ഭാര്യയാണ് ശ്രീമതി.നഫീസ. സ്വകാര്യതണ്ടപേരിൽ ജമ പതിഞ്ഞിട്ടുള്ളതിനാൽ, ടിയാരിയുടെ അപേക്ഷ കേരള ഭൂമി പതിവ് നിയമത്തിന്റെ പരിധിയിൽ വരാത്തതും ഭൂമി പതിച്ചു നൽകാൻ സാധിക്കാത്തതുമാണ്. |
| (ബി) | നവകേരള സദസിലും കരുതലും കൈത്താങ്ങിലുമെല്ലാം സമർപ്പിക്കപ്പെട്ട പരാതിക്ക് നീതീകരിക്കാനാവാത്ത മറുപടി വകുപ്പുകളിൽ നിന്നും ലഭിച്ചതിനെ തുടർന്ന് എം.എൽ.എ. മുഖാന്തരം സമർപ്പിച്ച പരാതിയിൽ സത്വര നടപടി സ്വീകരിക്കുന്നതിനായി എറണാകുളം ജില്ലാ കളക്ടർക്ക് നൽകിയ നിർദ്ദേശത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | ടിയാരി പ്രസ്തുത അദാലത്തുകളിൽ സമർപ്പിച്ച പരാതികളിലെ അന്വേഷണത്തിലാണ് മേൽ വസ്തുതകൾ വ്യക്തമായിട്ടുള്ളത്. പഴയ ബി.ടി.ആർ പ്രകാരം 'പദക്കൻ കുഞ്ഞപ്പൻ ജോസഫ് എന്ന സ്വകാര്യ തണ്ടപ്പേരിൽ കിടക്കുന്ന ഭൂമിയായതിനാൽ അപേക്ഷയും അനുബന്ധ റിപ്പോർട്ടുകളും കൊച്ചി തഹസിൽദാർ 18/02/2025 ൽ തൃപ്പൂണിത്തുറ ലാൻഡ് ട്രിബ്യൂണൽ സ്പെഷ്യൽ തഹസിൽദാർക്ക് കൈമാറി നൽകിയിട്ടുള്ളതും വിവരം കക്ഷിയെ അറിയിച്ചിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| (സി) | വിധവയായ നഫീസ സുബൈറിന്റെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ടിയാളുടെ കൈവശമുള്ള ഭൂമിക്ക് പട്ടയം ലഭ്യമാക്കാൻ സത്വര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | LT പട്ടയത്തിനായി നിയമാനുസരണം സമർപ്പിക്കുന്ന അപേക്ഷയിൽ, കേരള ഭൂപരിഷ്കരണ നിയമ പ്രകാരമുള്ള കക്ഷിയുടെ അർഹതയും നടപടിക്രമങ്ങളും പാലിച്ച് പട്ടയം നൽകുന്നതിനുള്ള നടപടി ലാന്റ് ട്രൈബ്യൂണൽ സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ